"ഭരണഭാഷ-മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ
ധനകാര്യ (പിആർസി-എ) വകുപ്പ്
പരിപത്രം

നം.58/2022/ധന തിരുവനന്തപുരം, തീയതി: 12/07/2022

വിഷയം:- സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിക്കുന്ന ശിപാർശകളോടൊപ്പം ഹാജരാക്കേണ്ട രേഖകൾ/വിശദാംശങ്ങൾ -മാർഗ്ഗനിർദ്ദേശങ്ങൾ – പുതുക്കി പുറപ്പെടുവിക്കുന്നു.

സൂചന:- 08.07.2016 ലെ നം.59/2016/ഫിൻ സർക്കുലർ.

സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി സമർപ്പിക്കുന്ന ശിപാർശകളോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ട രേഖകൾ/വിശദാംശങ്ങൾ ഇവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ/വിശദാംശങ്ങൾ ഉൾപ്പെടുത്താതെയുള്ള ശിപാർശകൾ, സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള സൃഷ്ടീകരണം നൽകുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്ന പശ്ചാത്തലത്തിൽ, ടി രേഖകൾ/വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ശിപാർശകൾ ഭരണവകുപ്പിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനു കാരണമാകുന്നു. ഇത് ഫയലുകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിൽ അനാവശ്യമായ കാലതാമസം സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ സമയബന്ധിത ഹയർ ഗ്രേഡിന്റെ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിക്കുന്ന ശിപാർശകളിൽ താഴെ പരാമർശിക്കുന്ന രേഖകൾ/വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഭരണവകുപ്പ് നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. ജീവനക്കാരൻ സർവീസിൽ പ്രവേശിച്ചതു മുതൽ നാളിതുവരെയുള്ള ടിയാന്റെ സേവന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സേവനപുസ്തകം.

2. ജീവനക്കാരന്റെ പ്രവേശന തസ്തിക മുതൽ നാളിതുവരെയുള്ള വാർഷിക വേതന വർദ്ധനവ് നിരക്കിലുള്ള ശമ്പള നിർണ്ണയ സ്റ്റേറ്റ്മെന്റ്; വകുപ്പ് മേധാവി/നിയമനാധികാരി സാക്ഷ്യപ്പെടുത്തിയത് (നോൺ - ഗസറ്റഡ് ജീവനക്കാർക്ക്).

3. ജീവനക്കാരന്റെ അയോഗ്യതാ സേവനകാലയളവ് സംബന്ധിച്ച് വകുപ്പ് മേധാവി/നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്.

4. ജീവനക്കാരൻ ഗസറ്റഡ് തസ്തികയിലാണ് സേവനമനുഷ്ഠിക്കുന്നതെങ്കിൽ, അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമാക്കിയ വാർഷിക വേതന വർദ്ധനവ് നിരക്കിലുള്ള ശമ്പള നിർണ്ണയ സ്റ്റേറ്റ്മെന്റ്, അയോഗ്യതാ സേവനകാലയളവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തുടങ്ങിയവ.

5. ജീവനക്കാരൻ സർവീസിൽ പ്രവേശിച്ചതു മുതൽ നാളിതു വരെ സേവനമനുഷ്ഠിച്ചിട്ടുള്ള തസ്തികകളുടെ നിയമന രീതി, യോഗ്യത ഇവ വ്യക്തമാക്കുന്ന ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ/സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ.

6. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള ശിപാർശയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരന്റെ പ്രവേശന തസ്തികയുടെ തുടർ പ്രൊമോഷൻ തസ്തികകൾ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ്.

ഉദാ:= Clerk --> Senior Clerk --> Head Clerk --> Junior Superintendent --> Junior Superintendent (HG) --> Senior Superintendent

7. ജീവനക്കാരൻ റൂളർ പ്രൊമോഷനുകൾക്ക് യോഗ്യനാണോ അല്ലയോ എന്ന് വകുപ്പ് മേധാവി/നിയമനാധികാരി വ്യക്തമാക്കേണ്ടതാണ്.

8. ജീവനക്കാരന് തന്റെ സേവനകാലയളവിൽ "ബൈ-ട്രാൻസ്ഫർ" നിയമനങ്ങൾ ലഭിച്ചിട്ടുള്ളപക്ഷം, പ്രസ്തുത നിയമനം സംബന്ധിച്ച താഴെ പരാമർശിക്കുന്ന വിഷയങ്ങളിൽ വ്യക്തത വരുത്തി കൊണ്ടുള്ള വകുപ്പ് മേധാവിയുടെ റിപ്പോർട്ട്.

(i) ഫീഡർ തസ്തികയിൽ നിന്നും വ്യത്യസ്തമായി അധിക യോഗ്യത "ബൈ -ട്രാൻസ്ഫർ" തസ്തികയ്ക്ക് നിഷ്കർഷിക്കുന്നുവെങ്കിൽ ആയത് നിർബന്ധമായും വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ/സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതുമാണ്.

(ii) ഫീഡർ കാറ്റഗറിയിലെ ജീവനക്കാരുടെയെല്ലാം പൊതു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയാണ് "ബൈ -ട്രാൻസ്ഫർ" നിയമനം നല്കുന്നതെങ്കിൽ ആയത് വ്യക്തമാക്കേണ്ടതാണ്.

9. സമയബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട കേസുകളിൽ ബഹു:കോടതികളുടെ വിധിന്യായം/ഉത്തരവ് നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുന്ന പക്ഷം, മേൽ പരാമർശ രേഖകളും/വിശദാംശങ്ങളും ഉൾപ്പെടുത്തുന്നതോടൊപ്പം, ബന്ധപ്പെട്ട WP(C)/TA/OA/OP/WA ഇവയുടെ പകർപ്പുകളും ടി കേസിൽ ബന്ധപ്പെട്ട ഭരണവകുപ്പ് ബഹു: കോടതിയിൽ സമർപ്പിച്ചിട്ടുള്ള എതിർ സത്യവാങ്മൂലവും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനായി അഭിപ്രായം/സ്പഷ്ടീകരണം എന്നിവ ആവശ്യപ്പെട്ടു കൊണ്ട് ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിക്കുന്ന ശിപാർശകളിൽ ബന്ധപ്പെട്ട രേഖകൾ/വിശദാംശങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഭരണവകുപ്പ് നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതും, ടി വിഷയത്തിൽ ഭരണവകുപ്പിന്റെ വ്യക്തമായ ശിപാർശ ഉൾപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരമല്ലാത്ത ശിപാർശകൾ ധനകാര്യ വകുപ്പിൽ പരിഗണിക്കപ്പെടുന്നതല്ല.

ഗോപകുമാർ.എൻ
അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ),കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)- I ,കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)- II ,കേരള,തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും/ വകുപ്പ് മേധാവികൾക്കും
നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E-673783)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ